# പാളിപ്പോയ ഐക്യശ്രമങ്ങൾ

വിശകലനം

●

**എ.ആർ**

**കേരളത്തിലെ** സാമ്പ്രദായിക സുന്നി പണ്ഡിതസഭയുടെ രണ്ട് വിഭാഗങ്ങളെ പുനഃസംയോജിപ്പിക്കാനോ ഐക്യപ്പെടുത്താനോ ചുരുങ്ങിയത് പരസ്പര ബന്ധങ്ങൾ മയപ്പെടുത്താനോ മുസ്‌ലിം ലീഗ് നടത്തിയ ശ്രമങ്ങൾ സഫലമായില്ല. നേരത്തേ മുജാഹിദ് പ്രസ്ഥാനത്തിലെ ഭിന്ന ഗ്രൂപ്പുകളെ പുനരേകീകരിക്കാൻ ലീഗ് നേതൃത്വം നടത്തിയ നീക്കങ്ങൾക്കും ഇതേ ഗതിയാണ് നേരിട്ടത്. സാമുദായിക രാഷ്ട്രീയ പാർട്ടിയായ മുസ്‌ലിം ലീഗിന്റെ പശ്ചാത്തല ശക്തികളാണ് സുന്നികളും മുജാഹിദുകളും. അവരുടെ ഭിന്നതയും പിളർപ്പും സ്വാഭാവികമായും മുസ്‌ലിംലീഗിന് തലവേദന സൃഷ്ടിക്കുന്നു. ഒരു വിഭാഗത്തെയും പിണക്കാനോ പ്രീണിപ്പിക്കാനോ വയ്യാതെ സർക്കസ് കൂടാരത്തിലെ ട്രപ്പീസ് കളിക്കാരന്റെ റോളിൽ എങ്ങനെ, എത്രകാലം മുന്നോട്ടുപോവും എന്നതാണ് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടിയെയും കൂട്ടുകാരെയും കുഴക്കുന്ന പ്രശ്നം. പ്രത്യക്ഷത്തിൽ രാഷ്ട്രീയമില്ലാത്തവരാണ് മതസംഘടനകൾ. തങ്ങൾക്ക് ഒരു പാർട്ടിയോടും പ്രതിബദ്ധതയോ വിധേയത്വമോ ഇല്ലെന്നവർ ആവർത്തിച്ചു വ്യക്തമാക്കാറും ഉണ്ട്. പരോക്ഷ യാഥാർഥ്യം പക്ഷേ അത്ര നിർദോഷകരമല്ല. സമസ്തയുടെയും നദ്‌വത്തിന്റെയും നേതാക്കളിലും പ്രവർത്തകരിലും നല്ല പങ്ക് രാഷ്ട്രീയക്കാരാണ്; പലരും സാമുദായിക രാഷ്ട്രീയ പാർട്ടിക്കാരുമാണ്. അതോടൊപ്പം കക്ഷിപരമോ വ്യക്തിപരമോ ആയ താൽപര്യങ്ങൾക്കതീതരായി ചിന്തിക്കാൻ മാത്രം വിശാല സാമുദായിക വീക്ഷണം മിക്കവരെയും അനുഗ്രഹിച്ചിട്ടില്ലതാനും. സംഘടനാപരമായ താൽപര്യങ്ങൾ പരസ്പരം ഏറ്റുമുട്ടുന്ന സാഹചര്യവും നിലവിലുണ്ട്.

**നാസ്തികനായ മാർക്സിസ്റ്റ് എം.എൽ.എയെ ബോർഡ് ചെയർമാനാക്കുന്നതിന് കൂട്ടുനിന്നു എന്നാരോപിച്ച് മുസ്‌ലിം ലീഗിൽനിന്നുണ്ടായ രൂക്ഷ പ്രതികരണങ്ങൾ ഡോ. ഹുസൈൻ മടവൂരിനെ പരുഷമായി പ്രതികരിക്കാൻ പ്രേരിപ്പിച്ചേടത്ത് എത്തിനിൽക്കുന്നു ഐക്യശ്രമങ്ങളുടെ ഒടുവിലത്തെ ഗതി. ഹലാലും ഹറാമും മുസ്‌ലിം ലീഗ് തങ്ങളെ പഠിപ്പിക്കേണ്ട എന്ന സ്വരത്തിലുള്ള വിമർശനം പൊതുവെ ശ്രദ്ധിക്കപ്പെടുകയുണ്ടായി.**

മുസ്‌ലിം ലീഗിന്റെ സംസ്ഥാന അധ്യക്ഷൻ സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ ആത്മീയ നേതാവ് കൂടിയാണെന്നത് പ്രശ്നത്തെ കൂടുതൽ സങ്കീർണമാക്കുന്നു. സമസ്തയുടെ മുഖ്യപ്രതിയോഗി അവരിൽനിന്ന് പിളർന്നുപോയി സ്വന്തം സാമ്രാജ്യംതന്നെ പണിത കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാരാണെന്ന് എല്ലാവർക്കും അറിയാം. ഇരുവിഭാഗം സമസ്തക്കാർക്കുമിടയിൽ ആദർശപരമായ ഭിന്നതകളില്ല. ദൈവശാസ്ത്രത്തിൽ അശ്അരി-മാതുരീദി മദ്ഹബും കർമശാസ്ത്രത്തിൽ ശാഫിഈ-ഹനഫീ മദ്ഹബുകളും പ്രമാണങ്ങളായി സ്വീകരിച്ചവരാണ് ചെറുശ്ശേരി സമസ്തയും കാന്തപുരം സമസ്തയും. ഇരു കൂട്ടരുടെയും മുഖ്യപ്രതിയോഗികൾ മുജാഹിദ്, ജമാഅത്തെ ഇസ്‌ലാമി, തബ്‌ലീഗ് ജമാഅത്ത് തുടങ്ങിയ 'പുത്തൻ പ്രസ്ഥാനങ്ങളാ'ണ് താനും. സമസ്തയിലെ വിയോജനവും ഭിന്നതയും കേവലം വ്യക്തിപരവും അധികാരപരവുമാണെന്നേ പുറത്തുള്ളവർക്ക് തോന്നൂ. എന്നാലും മുസ്‌ലിം

ലീഗ് ഘടകമായ യു.ഡി.എഫ് അധികാരത്തിലിരിക്കുമ്പോഴൊന്നും തങ്ങൾക്ക് നീതി ലഭിക്കാറില്ലെന്നാണ് കാന്തപുരം സമസ്തയുടെ പരാതി. വഖ്ഫ് ബോർഡ്- ഹജ്ജ് കമ്മിറ്റി പ്രാതിനിധ്യം നിഷേധിക്കപ്പെടുന്നു, സ്കൂളുകളോ കോളേജുകളോ സ്ഥാപനങ്ങളോ അംഗീകരിക്കപ്പെടുകയോ അനുവദിക്കപ്പെടുകയോ ചെയ്യുന്നില്ല, ലീഗ് നേതാക്കളെ പരിപാടികളിലേക്ക് ക്ഷണിച്ചാൽ പോലും അവർ വിട്ടുനിൽക്കുന്നു, വിലക്ക് ലംഘിച്ച് സൗമനസ്യം കാട്ടുന്നവർക്കെതിരെ ഉപരോധമോ ഭീഷണിയോ പ്രയോഗിക്കപ്പെടുന്നു എന്നെല്ലാമാണ് എ.പി അബൂബക്കർ മുസ്‌ലിയാരുടെ സംഘടന സോദാഹരണം ചൂണ്ടിക്കാട്ടുന്നത്. വസ്തുതാപരമായി ഈ ആരോപണത്തെ നേരിടാൻ മുസ്‌ലിം ലീഗിനും പ്രയാസമുണ്ട്. നിസ്സഹായതയാണ് സ്വകാര്യമായെങ്കിലും അവർ തുറന്നുപറയാറ്. ഇ.കെ വിഭാഗം സമസ്ത പാണക്കാട് ശിഹാബ് തങ്ങളിലൂടെ ചെലുത്തുന്ന സ്വാധീനത്തെ മറികടക്കാൻ മുസ്‌ലിം ലീഗിൽ ആരുമില്ല. ഇതുമൂലം കാന്തപുരം വിഭാഗത്തിനുണ്ടായ സ്വാഭാവിക അസംതൃപ്തിയിൽനിന്ന് മുതലെടുക്കുന്നത് സി.പി.എം ആണ്. യു.ഡി.എഫിൽ മുസ്‌ലിം ലീഗിനോടൊപ്പം നിൽക്കുന്നതിനാൽ മതേതര പാർട്ടിയാണെങ്കിലും കോൺഗ്രസിന് പ്രശ്നങ്ങളിൽ ഇടപെടാനാവുന്നില്ല. മതേതരത്വത്തെയും പുരോഗമനത്തെയും കുറിച്ച അവകാശവാദങ്ങളൊക്കെ താത്ത്വികന്മാർക്ക് വിട്ടുകൊടുത്ത് പ്രായോഗിക രാഷ്ട്രീയത്തിൽ തരംപോലെ പ്രീണനവും പ്രലോഭനവും പയറ്റുന്നതിൽ മിടുക്ക് തെളിയിച്ചിരിക്കുന്നു സി.പി.എമ്മും.

താണ് നിലവിലെ സ്ഥിതിവിശേഷം. സംസ്ഥാന വഖ്ഫ് ബോർഡിൽ പ്രാതിനിധ്യം ലഭിച്ച മടവൂർ വിഭാഗം, നാസ്തികനായ മാർക്സിസ്റ്റ് എം.എൽ.എയെ ബോർഡ് ചെയർമാനാക്കുന്നതിന് കൂട്ടുനിന്നു എന്നാരോപിച്ച് മുസ്‌ലിം ലീഗിൽനിന്നുണ്ടായ രൂക്ഷ പ്രതികരണങ്ങൾ ഡോ. ഹുസൈൻ മടവൂരിനെ പരുഷമായി പ്രതികരിക്കാൻ പ്രേരിപ്പിച്ചേടത്ത് എത്തിനിൽക്കുന്നു ഐക്യശ്രമങ്ങളുടെ ഒടുവിലത്തെ ഗതി. ഹലാലും ഹറാമും മുസ്‌ലിം ലീഗ് തങ്ങളെ പഠിപ്പിക്കേണ്ട എന്ന സ്വരത്തിലുള്ള വിമർശനം പൊതുവെ ശ്രദ്ധിക്കപ്പെടുകയുണ്ടായി.

ഇതിന് പിറകെയാണ് കാരന്തൂർ മർകസ് വാർഷിക സമ്മേളനത്തിൽ കേന്ദ്ര മന്ത്രിയും മുസ്‌ലിം ലീഗ് അഖിലേന്ത്യാ അധ്യക്ഷനുമായ ഇ. അഹ്മദിന്റെ പങ്കാളിത്തവും ലീഗ് നേതൃത്വവും പത്രവും എ.പി അബൂബക്കർ മുസ്‌ലിയാരോട് കാട്ടിത്തുടങ്ങിയ മൃദുസമീപനവും സമസ്ത ഔദ്യോഗിക വിഭാഗത്തിൽ ഉയർത്തിയ പ്രതിഷേധം. പട്ടിക്കാട് ജാമിഅ നൂരിയ്യയുടെ വാർഷികാഘോഷത്തിനെത്തിയ ഇ. അഹ്മദിനെ ഒരു വിഭാഗം ഗോ ബാക്ക് വിളികൾകൊണ്ട് എതിരേറ്റത് പ്രതിഷേധത്തിന്റെ ബഹിർസ്ഫുരണമായി. അസാധാരണമാംവിധം ഇടതു സഹയാത്രികൻ കെ.ടി ജലീൽ എം.എൽ.എയെ സമസ്തയുടെ പരിപാടികളിൽ പങ്കെടുപ്പിച്ചത് ലീഗിനുള്ള അപായസൂചനയുമായി. അതേതുടർന്നാണ് സുന്നീ ഐക്യശ്രമങ്ങൾക്ക് മുസ്‌ലിം ലീഗ് ഒരവസാനശ്രമം നടത്തുന്നതും ഇ.കെ വിഭാഗത്തിന്റെ ഉറച്ച പ്രതികൂല നിലപാടു കാരണം അത് വഴിമുട്ടുന്നതും. സമസ്ത നേതൃത്വം തന്നെയാണ് ഐക്യത്തിന്

**സാമുദായിക രാഷ്ട്രീയ പാർട്ടിയായ മുസ്‌ലിം ലീഗിന്റെ പശ്ചാത്തല ശക്തികളാണ് സുന്നികളും മുജാഹിദുകളും. അവരുടെ ഭിന്നതയും പിളർപ്പും സ്വാഭാവികമായും മുസ്‌ലിംലീഗിന് തലവേദന സൃഷ്ടിക്കുന്നു. ഒരു വിഭാഗത്തെയും പിണക്കാനോ പ്രീണിപ്പിക്കാനോ വയ്യാതെ സർക്കസ് കൂടാരത്തിലെ ട്രപ്പീസ് കളിക്കാരന്റെ റോളിൽ എങ്ങനെ, എത്രകാലം മുന്നോട്ടുപോവും എന്നതാണ് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടിയെയും കൂട്ടുകാരെയും കുഴക്കുന്ന പ്രശ്നം.**

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗിന്റെ കുത്തക മണ്ഡലമായ മഞ്ചേരി സി.പി.എമ്മിനു വേണ്ടി ടി.കെ ഹംസ പിടിച്ചെടുത്തതിന്റെ പിന്നിൽ ഈ അടവുനയം പ്രവർത്തിച്ചിട്ടുണ്ട്. നിയമസഭാ തെരഞ്ഞെടുപ്പിലെ കനത്ത തിരിച്ചടിയോടെ മത, സാമുദായിക സംഘടനകൾ പാർട്ടിയെ കൈവിട്ടതിന്റെ മാരകമായ പ്രത്യാഘാതങ്ങൾ മുസ്‌ലിം ലീഗ് അനുഭവിച്ചറിയേണ്ടിവന്നു. അന്നുമുതൽ ആരംഭിച്ചതാണ് സാമുദായികൈക്യ ശ്രമങ്ങൾ.

താരതമ്യേന എളുപ്പമെന്ന് തോന്നിയ മുജാഹിദ് പുനരേകീകരണത്തിനായിരുന്നു ആദ്യശ്രമങ്ങൾ. ഹുസൈൻ മടവൂർ വിഭാഗത്തിന് മുസ്‌ലിംലീഗ് തങ്ങളെ അവഗണിക്കുകയാണെന്ന പരാതി നേരത്തേയുണ്ടായിരുന്നു. പരിഭവങ്ങളൊക്കെ ഒരുവിധം ശമിപ്പിച്ച് ലയനപാതയിലേക്ക് മടവൂർ വിഭാഗത്തെ കൊണ്ടുവരാൻ ലീഗ് നേതൃത്വത്തിന് സാധിച്ചെങ്കിലും എ.പി അബ്ദുൽ ഖാദിർ മൗലവി നേതൃത്വം നൽകുന്ന ഔദ്യോഗിക കെ.എൻ.എം മഞ്ഞുരുക്കത്തിന്റെ ലക്ഷണങ്ങൾ കാണിച്ച ശേഷം വളരെ പെട്ടെന്ന് കാർക്കശ്യത്തിലേക്ക് തിരിച്ചുപോയി. അണികൾക്ക് ദഹിക്കുന്നില്ലെന്നാണ് പറഞ്ഞ ന്യായം. അണികളെ ആ പരുവത്തിലെത്തിച്ചത് നേതാക്കൾ തന്നെയാണെന്ന കാര്യം വേറെ. എന്തായാലും ഇരു മുജാഹിദ് വിഭാഗങ്ങളും പൂർവാധികം അകന്നിരിക്കുന്നു എന്ന

മുൻകൈയെടുക്കേണ്ടതെന്ന പി.കെ കുഞ്ഞാലിക്കുട്ടിയുടെ കീഴടങ്ങൽ ലീഗിന്റെ തന്ത്രം പാളിയെന്ന സന്ദേശമാണ് നൽകുന്നത്. അതേസമയം ലീഗിനും സമസ്തക്കും തങ്ങളിഷ്ടമില്ലാത്തവരുടെ പരിപാടികളിൽ പങ്കാളിത്തം ആവാമെന്നും തങ്ങൾക്ക് തോന്നിയവരെ ക്ഷണിക്കാമെന്നും വ്യക്തമാക്കപ്പെട്ടത് എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കപ്പെടാം. ഇത്തവണ ശ്രദ്ധേയമായ വ്യതിയാനം, കാന്തപുരം വിഭാഗത്തിന്റെ മൃദുസമീപനമാണ്. ഇതേവരെ അവരായിരുന്നു ഐക്യവിരോധികളായി ചിത്രീകരിക്കപ്പെട്ടിരുന്നത്. ഇടതുസർക്കാറിൽനിന്ന് വിദ്യാലയങ്ങളുടെ അംഗീകാര പ്രശ്നത്തിൽ നീതി ലഭിച്ചില്ലെന്ന തോന്നലാണ് കളം മാറിച്ചവിട്ടുന്നതിന്റെ സൂചനകൾ നൽകാൻ കാന്തപുരം വിഭാഗത്തെ പ്രേരിപ്പിച്ചതെന്ന പ്രചാരണമുണ്ട്. നഷ്ടപ്പെടാൻ ഒന്നുമില്ലെന്ന ആത്മവിശ്വാസമാവാം യഥാർഥ ഹേതു. സംഘടനയിലെ രണ്ടാമനെന്ന് പറയാവുന്ന പാറന്നൂർ മുഹ്‌യിദ്ദീൻ കുട്ടി മുസ്‌ലിയാർ ആസന്നമായ ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.പി.എക്കും കോൺഗ്രസ്സിനും അനുകൂലമായി പരസ്യമായി ശബ്ദമുയർത്തിയത് സി.പി.എമ്മിനെ അലോസരപ്പെടുത്തും. സംഘടനക്ക് രാഷ്ട്രീയമില്ലെന്ന കാന്തപുരത്തിന്റെ സാന്ത്വനം ഔപചാരികമേ ആവുന്നുള്ളൂ. സത്യത്തിൽ മതസംഘടനകളിലൊന്നിനും കൃത്യമായ വോട്ടു ബാങ്കില്ല. നേരത്തേതന്നെ പല പാർട്ടിക

ളിലും പ്രവർത്തിക്കുന്നവരോ അവയുടെ അനുകൂലികളോ ആണ് സുന്നി-മുജാഹി ദുകളിൽ മിക്കവരും. എന്നിരിക്കെ ഇല്ലാത്ത ശക്തിയും സ്വാധീനവും ഉണ്ടെന്ന് ഭാവിച്ചു വിലപേശൽ നടത്തുന്ന തന്ത്രം ഈ സംഭവങ്ങളിലുടനീളം കാണാം.

ചുരുക്കത്തിൽ, സുന്നി-മുജാഹിദ് സമുദായ ഐക്യനീക്കങ്ങൾ തുടങ്ങിയേടത്ത് നിൽക്കുന്നു. ചരിത്രത്തിന്റെ വിരസമായ ആവർത്തനം എന്നേ പറയേണ്ടൂ, കാരണ ങ്ങൾ ദുരൂഹമോ നിഗൂഢമോ അല്ല. രാഷ്ട്രീയമോ സംഘടനാപരമോ വ്യക്തിപരമോ ആയ താൽപര്യങ്ങളാണ് പലപ്പോഴും ഐക്യശ്രമങ്ങൾക്ക് പിന്നിൽ. ഇസ്‌ലാമികമോ സാമുദായികമോ ആയ നിസ്വാർഥ ലക്ഷ്യങ്ങൾക്ക് വേണ്ടിയുള്ള ഐക്യനീക്കങ്ങൾ വിരളമായേ നടന്നിട്ടുള്ളൂ. അതുതന്നെ സഫലമാവണമെങ്കിൽ കക്ഷിത്വത്തിനതീത മായി മതത്തെയും സമുദായത്തെയും കാണാനുള്ള വിശാലത സംഘടനകൾക്കും പണ്ഡിതന്മാർക്കുമുണ്ടാവണം. എത്ര പേർക്കതുണ്ട്? പിളർപ്പാനന്തരം നടക്കുന്ന ന്യായീകരണങ്ങൾ മലീമസമായ വിഴുപ്പലക്കലിൽ കലാശിക്കുന്നതാണ് മുറിവുകളു ണങ്ങാൻ മറ്റൊരു മുഖ്യ വിഘാതം. മൂന്നാമതൊരു ഘടകം കൂടി പുതുതായി ഉയർന്നു വന്നിട്ടുണ്ട്. വിവേകരഹിതരായ യുവ നേതാക്കൾ സംഘടനകളുടെ പക്വനേതൃത്വ ങ്ങളെ ബന്ദികളാക്കിവെച്ചിരിക്കുന്ന ദുരവസ്ഥയാണത്. സംഘടനകളുടെ തെരുവുശക്തി യുവാക്കളാണ്. അവരെ പിണക്കാൻ മുതിർന്നവർക്കാവില്ല. ഇതറി യാവുന്ന യുവ സിംഹങ്ങൾ കാർക്കശ്യങ്ങൾ അടിച്ചേൽപിക്കുന്നു. പിളർപ്പിനു ശേഷം മാത്രം പദവികളിലെത്തിയവരാണ് പലപ്പോഴും തീവ്ര നിലപാടുകളുടെ വക്താക്കൾ. പുനരേകീകരണം സ്ഥാനമാനങ്ങളുടെ അന്തകനായേക്കുമെന്ന ഭയപ്പാട് അവരെ വേട്ട യാടുന്നുണ്ട്. അവസാന വിശകലനത്തിൽ, ആദർശാധിഷ്ഠിത ധാർമികവത്കരണ ത്തിന്റെ ശ്രമകരമെങ്കിലും ഋജുവായ പാതയിലൂടെയല്ലാതെ മുസ്‌ലിംസമുദായത്തിന്റെ ഏകീകരണവും ശാക്തീകരണവും സ്വപ്നം കാണുന്നത് യാഥാർഥ്യബോധത്തിൽനിന്ന് ബഹുദൂരം അകലെയാണ്. നല്ലതിനായി മോഹിക്കാം, പ്രാർഥിക്കാം എന്നു മാത്രം. ■